# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.T5151 22.05.2017 ലെ മറുപടി**

**കാസർഗോഡ് ജില്ലയിലെ കയ്യാർ വില്ലേജിലെ തോടിന്റെ പാർശ്വഭിത്തി പുനർ നിർമ്മാണം**

**ചോദ്യം**

**ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്:**

(എ) കാസർഗോഡ് ജില്ലയിലെ പൈവളിഗെ പഞ്ചായത്തിലെ കയ്യാർ വില്ലേജിൽപ്പെട്ട ഊടാൽ മർക്കള, സാന്തിഹിത്ത്ലു, മുന്നൂർ, മെർക്കള എന്നീ പാടശേഖരങ്ങളിലൂടെ കടന്ന് പോകുന്ന തോടിന്റെ പാർശ്വഭിത്തി തകർന്ന് പാടശേഖരങ്ങൾ കൃഷി യോഗ്യമല്ലാതായി തീർന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി പ്രസ്തുത പാർശ്വഭിത്തി പുനർനിർമ്മാണവും അനുബന്ധ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) &(ബി)

ബഹുമാനപ്പെട്ട ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക് എം.എൽ.എ മുഖാന്തിരം 22.02.2017 ൽ മംഗൽപാടി പഞ്ചായത്തിലൂടെ ഒഴുകുന്ന സ്വർണ്ണഗിരി തോടിനെ കുറിച്ച് പരാതി ലഭിച്ചിരുന്നു.

എന്നാൽ കാസർഗോഡ് ജില്ലയിലെ പൈവളിഗ പഞ്ചായത്തിലെ കയ്യാർ വില്ലേജിലെ പാടശേഖരങ്ങളിലൂടെ കടന്നു പോകുന്ന തോടിനെ സംബന്ധിച്ച പരാതിയൊന്നും ഇതുവരെ ലഭ്യമായതായി കാണുന്നില്ല.

**സെക്ഷൻ ഓഫീസർ**